പള്ളിവാസൽ തുടങ്ങിയ ചെറിയ പവർ ഹൗസുകളെ രണ്ട് സബ്സിസ്റ്റമായി തിരിച്ചാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. ഇത്തരത്തിൽ ആവശ്യാനുസരണം അറ്റകുറ്റപ്പണികൾ നടത്തുന്ന സംഘത്തെ എല്ലാ പവർഹൗസിലും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) തകരാറിലാകുന്ന നിലയങ്ങൾ സമയബന്ധിതമായിത്തന്നെ മേൽപ്പറഞ്ഞ സംഘത്തിനെ ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ തീർക്കാറുണ്ട്. എന്നാൽ അത്യന്തം സങ്കീർണ്ണമായ തകരാറുകൾ പരിഹരിക്കുന്നതിനും താരതമ്യേന നവീനമായ ജനറേറ്ററുകളിൽ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനും പലപ്പോഴും മെഷീന്റെ നിർമ്മാതാക്കളുമായി ബന്ധപ്പെടാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ നിർമ്മാതാക്കളുമായി ബന്ധം പുലർത്തി എത്രയും പെട്ടെന്ന് തന്നെ പണികൾ പൂർത്തിയാക്കാൻ നടപടി എടുക്കാറുണ്ട്.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ മഴവെള്ളം പാഴായിപ്പോകാൻ സാദ്ധ്യത കാണുന്നില്ല.

(ഇ) വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുവാനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

## വൈദ്യുതി ബോർഡിന്റെ പുന:സംഘടന

19 (*48) ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുന:സംഘടനാരീതി വ്യക്തമാക്കുമോ ;

(സി) പുന:സംഘടനയോടുകൂടി ബോർഡിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വൈദ്യുതി നയത്തിന്റെ ഭാഗമായി, ബോർഡിനെ പൊതുമേഖലയിൽ നിർത്തിക്കൊണ്ടുതന്നെ ഉൽപാദനം, പ്രസരണം, വിതരണം എന്നിവ ഓരോ പ്രോഫിറ്റ് സെന്ററിന്റെ കീഴിലാക്കിയാണ് പുന:സംഘടിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. ഓരോ പ്രോഫിറ്റ് സെന്ററും

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട മെമ്പറിന്റെ കീഴിലായിരിക്കും. പ്രോഫിറ്റ് സെന്ററുകളുടെ ചുമതലയും അധികാര പരിധിയും നിർണ്ണയിച്ചിട്ടുണ്ട്. പ്രോഫിറ്റ് സെന്ററുകളുടെ പരിധിയിൽ പെടാത്ത വിഭവസമാഹരണം, പദ്ധതി മോണിറ്ററിംഗ്, മാനവശേഷി പൊതുഭരണം മുതലായവ കോർപ്പറേറ്റ് ഓഫീസിന് കീഴിലായിരിക്കും. ബോർഡ് ചെയർമാനാണ് കോർപ്പറേറ്റ് ഓഫീസിന്റെ തലവൻ. പുന:സംഘടന സംബന്ധിച്ച് പഠനം നടത്തിയ കർമ്മ സമിതികളുടെ റിപ്പോർട്ടുകൾ പഠിച്ച് സംയോജിപ്പിച്ചുള്ള അപ്പക്സ് കമ്മിറ്റി റിപ്പോർട്ടുകൾ ബോർഡിന്റെയും ഗവൺമെന്റിന്റേയും അനുമതിക്കും വിധേയമായി ഘട്ടം ഘട്ടമായിട്ടാണ് പുന:സംഘടന നടപ്പാക്കുക. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പുന:സംഘടന മൂലമുണ്ടാകുന്ന പ്രധാന മാറ്റങ്ങൾ താഴെപ്പറയുന്നവയാണ്. വ്യക്തമായ ഉത്തരവാദിത്വം നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രോഫിറ്റ് സെന്ററുകൾ നിലവിൽ വരും. ഓരോ പ്രോഫിറ്റ് സെന്ററിന്റെ കീഴിലും ക്രയവിക്രയം നടത്തുന്ന വൈദ്യുതിയുടെ അളവ് കൃത്യമായി കണക്കാക്കുവാൻ സാധിക്കും. ഇതുമൂലം സാമ്പത്തിക അച്ചടക്കം കർശനമായി പാലിക്കാൻ സാധിക്കുന്നതാണ്. ഉപഭോക്താക്കളെ അസംതൃപ്തരാക്കുന്ന നടപടികൾ ഒഴിവാക്കി നല്ല ഉപഭോക്തൃബന്ധം വളർത്തിയെടുക്കുന്നതിന് കഴിയും. ഓരോ പ്രോഫിറ്റ് സെന്ററിലും വൈദ്യുതി സംബന്ധിച്ച് കണക്ക് വരുമെന്നതിനാൽ ഉൽപാദനം, പ്രസരണവും, വിതരണത്തിനും ലഭ്യമാകുന്ന വൈദ്യുതി എന്നിവയുടെ കൃത്യമായ കണക്ക് ലഭിക്കുന്നതാണ്. പ്രസരണ വിതരണം നഷ്ടം കുറച്ചുകൊണ്ടുവരുവാനും ഇതുമൂലം സാധിക്കുന്നതാണ്. മൊത്തത്തിൽ ബോർഡിന്റെ കാര്യക്ഷമത തൽഫലമായി വർദ്ധിക്കുന്നതാണ്.

**'രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം' ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി**

20 (*49) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയുടെ സംസ്ഥാനാടിസ്ഥാനത്തിലുള്ള പുരോഗതി എന്താണെന്നും ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമോയെന്നും വിശദമാക്കാമോ ;

(ബി) വികസന പ്രക്രിയകൾ മൂലം കായലുകളുടേയും നദികളുടേയും വിസ്തൃതി കുറയുന്നതായും നിലം നികത്തുന്നതുമൂലം ഭൂഗർഭജലം മാറ്റുന്നതായുമുള്ള സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly